സർ! കൊല്ലംതോറും ഇങ്ങിനെ നികുതി വിട്ടുകൊടുക്കുന്നതിനു ഈ ഗവമ്മെണ്ടിനെപ്പോലും പ്രേരിപ്പിക്കത്തക്കവണ്ണം അത്ര ഭയങ്കരമായ എന്തു കാരണത്താലാണ് കൃഷികൾക്ക ദോഷം സംഭവിക്കുന്നതെന്നു ഇന്നുവരെ ഗവമ്മെണ്ടു അന്വേഷിക്കുകയോ ആവക കാരണങ്ങളുടെ ഉന്മൂലനത്തിനു ഉതകുന്ന പോംവഴികളെക്കുറിച്ചു ചിന്തിക്കുകയോ ഈ നികുതിയിളവു നിമിത്തം രണ്ടുകൊല്ലത്തിലുംക്രൂടി ഉണ്ടായിട്ടുള്ള ഫ്ര ലക്ഷത്തെ തന്നിവാരണാർത്ഥം വിനിയോഗിക്കുകയോ ചെയ്യാതെ പന്ത്രണ്ടര ശതമാനം നികുതി വിട്ടുകൊടുത്തു മാത്രം കൃതകൃത്യരാകുന്നതു ബുദ്ധിപൂർവ്വമല്ല. ആ സംഖ്യ ഏതെങ്കിലും ഒരു താലൂക്കിലെയെങ്കിലും കൃഷിരക്ഷയ്ക്കു വേണ്ട ജലസേചനത്തിനോ മറെറാ ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ ആ ദിക്കുകാരിൽനിന്നെങ്കിലും 'കൃഷി നശിച്ചു' എന്നുള്ള ദയനീയരോദനത്തിനു ശാശ്വതമായ ശമനമുണ്ടാകുമായിരുന്നു.

നമ്മുടെ രാജ്യക്കാരെല്ലാംതന്നെ, സർ, കൃഷീവലന്മാരാണ്. ഞാനൊന്നു ചോദിക്കുന്നു. ആ കൃഷിക്കുവേണ്ടി ഏതൽക്കാലപര്യന്തം ഗവമ്മെണ്ടു എന്താണു പ്രവൃത്തിച്ചിട്ടുള്ളതു? ചിറയൂർ താലൂക്കിൽ വ്യവസായശീലന്മാരായ ചില ഉദാരമതികളുടെ ഉത്സാഹത്തിൽ ആരംഭിക്കപ്പെട്ടിട്ടുള്ള ജലസേചനപദ്ധതിയെ പിന്നീടു ഗവമ്മെണ്ടിൽനിന്നേറെറടുത്തു കുറേക്രൂടി വിസ്തൃതമാക്കിയതോടുക്രൂടി അതിൽനിന്നുള്ള പരാതിക്കും വ്യാപ്തി ക്രൂട്ടിയതല്ലാതെ സ്വതന്ത്രമായി ഗവമ്മെണ്ടിൽനിന്ന് ഏവിടെയെങ്കിലും കൃഷിക്കു വേണ്ട ജലസേചനസൌകര്യങ്ങളെ വർദ്ധിപ്പിച്ചിട്ടുണ്ടോ? വളരെ കൊല്ലമായി നിലനിന്നുപോരുന്ന കൃഷിവകുപ്പുകാരെ ശമ്പളക്കാരെ തീറാനും പണം അനാവശ്യമായി നശിപ്പിക്കാനുമല്ലാതെ അതിൽനിന്നു നാട്ടിലെ കൃഷിക്കാർക്ക് ഒരണയുടെ ഉപകാരം പോലും ഉണ്ടായിട്ടുണ്ടോ? ബഹുമാന്യനായ കൃഷിസൂപ്രണ്ടിന്റെ പേരിലുള്ള അതൃപ്തികൊണ്ടല്ല, പൊതുജനങ്ങളോടുള്ള അതിപ്രീതികൊണ്ടു മാത്രം ആ വകുപ്പ് എന്റെ വിമർശനത്തിനു വിഷയീഭവിക്കുന്നതാണ്. ഒന്നുകിൽ ഈ നാട്ടിലേക്കു പററാത്തതോ അല്ലെങ്കിൽ ഈ നാട്ടുകാർക്കു താങ്ങാൻ ആവാത്തതോ അതുമല്ലെങ്കിൽ പരമാബദ്ധമായതോ അല്ലാത്ത കൃഷിതത്വങ്ങൾ ഒന്നും ആ ഡിപ്പാർട്ടുമെണ്ടിന്നകത്തില്ലെന്നാണ് എന്റെ അനുഭവവും വിശ്വാസവും. ഒരനുഭവം പറയാമെങ്കിൽ എ

LIBRARY ARCHIVES Kerala Legislative Assembly

ന്റെ കോൾനിലത്തിൽ ഒരുകൊല്ലം അതികലശലായി നേരിട്ട പുഴക്കേടിനുള്ള പരിഹാരത്തെക്കുറിച്ചു ചോദിച്ചപ്പോൾ അന്നത്തെ കൃഷിവിദഗ്ദ്ധനായ വകുപ്പദ്ധ്യക്ഷൻ പറഞ്ഞതു് ആ നിലം മുഴുവനും ഉണങ്ങിയ പൊടിവയ്ക്കോലിട്ടു മൂടി നല്ല വെയിലുള്ളപ്പോൾ തീ കൊടുക്കാനാണ്. എന്നാൽ പുഴുക്കൾ മുഴുവനും ചാകുമത്രെ. സർ, അതോടുകൂടി നെല്ലും മുഴുവനും കരിഞ്ഞുപോകയില്ലേ എന്നുള്ള എന്റെ സംശയത്തിനു് ഇക്കൊല്ലത്തെ നെല്ലുപോയാലും വരുംകൊല്ലത്തിൽ പുഴുക്കൾ വരില്ലെന്നാണു് ആ ശാസ്ത്രജ്ഞൻ സമാധാനം പറഞ്ഞതു്. വരുംകൊല്ലം വരില്ലെന്നുള്ളതു് അദ്ദേഹത്തിന്റെ അനുഗ്രഹവും, ഇക്കൊല്ലത്തെ നെല്ലു പോയി എന്നുള്ളതു് എന്റെ അനുഭവവും. ഈ കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നാണു് ഇപ്പോൾ രണ്ടു 'മാക്കറിംഗ്' ആഫീസർമാരെ നിയമിച്ചിരിക്കുന്നതു്. കൂടുതൽ ശമ്പളം കിട്ടാറായ ആ ഭാഗ്യവാന്മാർ വിജയിക്കട്ടെ. അവരുടെ പ്രവൃത്തി എന്താണെന്നു, അവർക്കും ഗവൺമെണ്ടിനും നല്ല വിവരമായിട്ടില്ലാത്തതുകൊണ്ടു് ആ മാക്കറിംഗ് ഉദ്യോഗസ്ഥന്മാർ ഇപ്പോൾ തങ്ങൾ "മാക്കറബിൾ കമ്മോഡിറ്റീസ്" ആണോ എന്നന്വേഷിച്ചുംകൊണ്ടു നടക്കുകയായിരിക്കണം.

സർ, ഈ ബഡ്ജറു് നോക്കിയാൽ പൊതുജനങ്ങൾക്കുവേണ്ടി പ്രത്യേകിച്ചൊന്നും ചെയ്യുന്നതിന്നില്ലെന്നും ആവശ്യമുള്ള എല്ലാ പ്രസ്ഥാനങ്ങളും സ്ഥാനങ്ങളും സുരക്ഷിതങ്ങളും സുഭിക്ഷങ്ങളും ആണെന്നും ആർക്കും തോന്നിപ്പോകും. കൊച്ചിയുടെ സ്ഥിതി അസൂയാജനകമാണെന്നു് അന്യന്മാർ തെറ്റിദ്ധരിച്ചുപോകത്തക്ക പല സംഗതികളും ഇവിടെ ഇല്ലായ്കയുമില്ല. സംസ്ഥാനത്തെ മുതലെടുപ്പു് 50 കൊല്ലത്തിനുള്ളിൽ 50 ലക്ഷത്തിൽനിന്നു് 200 ലക്ഷത്തോളം വളർച്ചിട്ടുണ്ടു്. എറണാകുളത്തു നിന്നു തീവണ്ടിയിൽ കയറിയാൽ മതിരാശിയിൽ ചെന്നിറങ്ങത്തക്ക വിധം "മതിരാശി—എറണാകുളം" ബ്രോഡ് വേ ലയിൻ; ദൂരത്തുള്ള കൊളമ്പുകാരുംകൂടി യൂറോപ്പിലേക്കും അമേരിക്കയിലേക്കും പോകുന്നതിനു കൊച്ചിയിൽ വന്നു് "മലബാർ ഹോട്ട"ലിൽ താമസിച്ചു കൊച്ചിക്കപ്പലിൽ യാത്രചെയ്യത്തക്കവിധം വിപുലവും വിശ്രുതവുമായ "കൊച്ചിൻ ഹാർബാർ;" ഉപരിവിദ്യാഭ്യാസംകൊണ്ടു് ഉന്നതസ്ഥാനലബ്ധികർഹരായി ആയിരക്കണക്കിൽ സ്ത്രീപുരുഷന്മാർ; തെക്കെ ഇന്ത്യയിലെങ്ങുമില്ലാത്തവിധം ചന്തംകൂടിയ പന്തുകളിസ്ഥലങ്ങളോടുകൂടിയ ഒരു ഒന്നാം ഗ്രേയ്ഡ് കോളേജും, അതിൽ പ്രസിഡൻസി കോളേജിൽ ഉള്ളതിലധികം പ്രൊഫസർമാരും; കൊഴുത്ത ശമ്പളംപറ്റി മുഴുത്ത ബത്തയും വാങ്ങി തടിച്ചിയങ്ങുന്ന വകുപ്പദ്ധ്യക്ഷന്മാർ; 60 ജനപ്രതിനിധികളടക്കം ഒര് അംഗങ്ങളുള്ള പ്രജാസഭ; ഫഫ ദിവസത്തെ ബഡ്ജറു് സമ്മേളനം; ഹാ! കൊച്ചിയുടെ കഥ പ്രശംസാർഹവും അഭിലഷണീയവും അഭിമാനകരവും തന്നെ! സർ, എന്നാൽ, അതു യഥാർത്ഥത്തിൽ ദൂരത്തുനിന്നുള്ള ഒരു വ്യാമോഹം മാത്രമാണു്. കൂടെക്കിടക്കുന്നവനേ രാ

LIBRARY ARCHIVES Kerala Legislative Assembly

പ്പനിയുടെ മൂടറിയാവൂ. മുതലെടുപ്പിലുണ്ടായിട്ടുള്ള വർദ്ധനവിന്റെ അനുസരിച്ചോ അനുക്രമത്തിലോ ജനങ്ങളുടെ സാമ്പത്തികസ്വാതന്ത്ര്യവും സുഖസംതൃപ്തികളും വർദ്ധിക്കുകയല്ല, നേരെമറിച്ച് അവരുടെ ദാരിദ്ര്യവും കഷ്ടതയും ഒന്നിന്റെ മുന്നുവീതം വളരുകയാണുണ്ടായിട്ടുള്ളത്. മുപ്പതു ലക്ഷത്തിന്റെ കാലത്തുഞങ്ങൾ ദിവസംതോറും മൂന്നു നേരംവീതം വയറുനിറച്ച് ഊണുകഴിച്ചിരുന്നു. രാജ്യത്തിലെ മുതലെടുപ്പു മൂന്നിരട്ടി കൂടിയപ്പോൾ രാജ്യക്കാരുടെ ഊണു മൂന്നു ദിവസത്തിൽ ഒന്നുവീതമായി! ബ്രോഡ് ഗേജും ഹാർബറുംകൂടി കൊച്ചിയെ വെള്ളത്തിലാക്കുകയും കരയ്ക്കിട്ടു വലിക്കുകയും മാത്രമേ ചെയ്യുന്നുള്ളൂ. വണ്ടിയിൽനിന്നു വീഴാതെ നിലത്തിറങ്ങുന്നതിന് ഒരു വഴി കാട്ടിത്തരണേ എന്നറിയിക്കുവാൻകൂടി തീവണ്ടിയെ സംബന്ധിച്ചേടത്തോളം ജനങ്ങൾക്ക് അധികാരമില്ല. കപ്പൽവരവിൽനിന്ന് ആകെയുള്ള വരവിനോടു താരതമ്യപ്പെടുത്തുമ്പോൾ കൊച്ചിക്കാക്കധികം കിട്ടുന്നതു കല്ലുരിയുടെ പുകമാത്രമാണ്. ഉണ്ടായിട്ടുള്ള ഉപരിവിദ്യാഭ്യാസത്തിനനുരൂപമായ നിലയിൽ സ്വാതന്ത്ര്യബോധമോ ധൈര്യമോ ജനങ്ങൾക്കില്ലെങ്കിലും "പഠിച്ചവരുടെ തൊഴിലില്ലായ്മ" പരിഭ്രാജനകമായ ഒരു പ്രമേയമായിത്തീർന്നിട്ടുണ്ട്. ഉദ്യോഗലബ്ധിക്കായി കണ്ടെടുക്കുന്നിടത്തൊക്കെ മുട്ടിക്കൊണ്ട് അസംതൃപ്തിയുടേയും നൈരാശ്യത്തിന്റേയും നെല്ലിപ്പടിമേൽ തടഞ്ഞു വീണുകിടക്കുന്ന ബി. ഏ. ക്കാരുടെ കാമേഷുമാരി കൊച്ചിയുടെ ഭാവിസമാധാനത്തെ സന്നിഗ്ദ്ധമാക്കിച്ചെയ്യുന്നു. സർ, ബി. ഏ. പാസ്സായശേഷം, പെറ്റമ്മയുടെ പണ്ടങ്ങളും വീട്ടിലെ വസ്തുക്കളും വിറ്റു ഉദരപൂരണത്തിനു വഴികാണാതെ, ജീവസന്ധാരണത്തിനു മാർഗ്ഗമില്ലാതെ വഴിമദ്ധ്യത്തിൽനിന്നു വെയിലും മഴയുംകൊണ്ട് വരുന്ന വണ്ടിയ്ക്കു കൈ കാട്ടുന്ന കാൺസ്റ്റബിളാകുന്നതിനുപോലും ബി. ഏ. ക്കാർ കൊട്ടക്കണക്കായി എത്തുന്നു. അതും അവക്കു കിട്ടുന്നതുമില്ല. സർ, കൊച്ചി ഉയർന്നിട്ടില്ല, കൊച്ചിയിൽ സുഭിക്ഷം വർദ്ധിച്ചിട്ടില്ല, കൊച്ചിക്കാർ സംതൃപ്തരല്ല. കൊച്ചി യഥാർത്ഥത്തിൽ ഈ മുപ്പതുകൊല്ലത്തിനുള്ളിൽ നാട്ടുമ്പുറങ്ങളെ സംബന്ധിച്ചിടത്തോളം, മൂന്നിരട്ടി ദാരിദ്ര്യത്തിൽ ആണ്ടുപോകുകയാണുണ്ടായിട്ടുള്ളത്.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കയറുംതോറും അവരുടെ നിരുത്തരവാദിത്വവും കുതിരകയറ്റവും കൂടിവരുന്നു. ബഹുമാന്യന്മാരായ ഗവർമ്മെണ്ടു മെമ്പർമാരിൽ പലരും ആ ആക്ഷേപത്തെ അർഹിക്കുന്നവരാണെന്നുള്ളതാണ് മമ്മുദ്ദേകമായിട്ടുള്ളത്. ഇക്കഴിഞ്ഞ നിയമനിർമ്മാണസഭാതിരഞ്ഞെടുപ്പിൽ ഉദ്യോഗസ്ഥപ്രമുഖന്മാരിൽ ചിലർ ചെയ്തിട്ടുള്ള, മനഃപൂർവ്വമായി ചെയ്തിട്ടുള്ള, തങ്ങളുടെ വാലുതാങ്ങികൾ മാത്രമേ സഭയ്ക്കകത്തു കടക്കാവൂ എന്ന അക്രമവും അതിനീചവുമായ മോശവിചാരത്തോടുകൂടി രാപ്പകൽ ഭേദംകൂടാതെ ചെയ്തിട്ടുള്ള വിക്രിയകൾ വിസ്മയാവഹങ്ങളാകുന്നു. ഒരു ഗൃദ്ധശക്തിയുടെ പ്രവൃത്തിയും പ്രവേശവും

LIBRARY ARCHIVES Kerala Legislative Assembly

എവിടേയുമുണ്ടായിരുന്നു. തിരഞ്ഞെടുപ്പു യുദ്ധത്തിൽ ഒളിയമ്പുകളും വെടിയുണ്ടകളും ഏറ്റു ദേഹമെല്ലാം വ്രണപ്പെട്ടിട്ടുള്ള എനിക്ക് അക്കാര്യം അനുഭവവേദ്യമാണ്.

ഗവമ്മെണ്ടും അതുപോലുള്ള ഒരു നിരുത്തരവാദിത്വമാണ് "ബഹുമാനപ്പെട്ട" ഈ സഭയോടും കാണിക്കുന്നത്. ഇതാ ഇന്നലെയാണ് ട്രാംവേക്കാരൻ ഒരു എൺപത്തീരായിരം ക. വരുംകൊല്ലത്തെ "വഴിച്ചിലവിനു" വേണമെന്നുള്ള ഒരു ക്രൂതൽ ധനാഭ്യർത്ഥനയും (Supplementary Grant) കൊണ്ടു പുറപ്പെട്ടത്. തട്ടിനിരത്തി തുലച്ചുകളയേണ്ട ട്രാംവേയ്ക്കു റെയിൽമാറ്റത്തിനാണ് ഈ സംഖ്യ. റെയിൽമാറ്റണമെന്നും സംഖ്യ വേണമെന്നും, പഴയ ചെരുത്തുരുത്തി തീവണ്ടി ആപ്പീസു പരിസരങ്ങളിൽ, ആറാട്ടുപുഴ പൂരപ്പാടത്തു് ആനകൾ എന്നപോലെ, പഴയ തീവണ്ടിയും അവശിഷ്ടങ്ങളും പെട്ടിവണ്ടികളും കിടക്കുന്നതിൽനിന്ന് ആവശ്യംപോലെ വാങ്ങാമെന്നും, വളരെ മുമ്പുതന്നെ അറിഞ്ഞിരുന്നിട്ടും അതു ബഡ്ജറ്റിൽ കൊള്ളിക്കാഞ്ഞതിൽ മനഃപൂർവ്വമുണ്ടെന്നുകൂടി ഞാൻ ശങ്കിക്കുന്നു. ക്രൂതൽ ധനാഭ്യർത്ഥനകളുടെ കാര്യത്തിൽ സംഖ്യയെക്കുറിച്ചല്ലാതെ സംഗതിയെക്കുറിച്ചു് ആക്ഷേപിച്ചുകൂടാ എന്നുള്ള പ്രസിഡണ്ടിന്റെ ഇന്നത്തെ "റൂളിംഗ്" എന്റെ സംശയത്തെ ബലപ്പെടുത്തുന്നതേയുള്ളൂ. ആ ചിലവുകൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു എങ്കിൽ ട്രാംവേയെക്കുറിച്ചുള്ള ബലമായ ആക്ഷേപങ്ങൾ പുറപ്പെടുന്നതിനു പുറമെ ബഡ്ജറ്റുതന്നെ ഒരു "ഡെഫിസിറ്റ് ബഡ്ജറു"മാകുമായിരുന്നു. ഇതുയും വമ്പിച്ച ഒരു സംഖ്യ, ഇത്തരം പ്രത്യേകമായ ഒരു സംഗതിക്കുവേണ്ടി 'ഒരു സപ്ലിമെണ്ടറി ഗ്രാൻറാ'യി ഹാജരാക്കുവാൻ ഈ ഗവമ്മെണ്ടല്ലാതെ ധൈര്യപ്പെടുമെന്നും ഈ സഭയല്ലാതെ സമ്മതിക്കുമെന്നും തോന്നുന്നില്ല. സർ, ഞങ്ങളുടെ ഔർബല്യത്തെ ഉദാഹരിക്കുന്ന ഒരു സംഭവമായിരുന്നു അതു്. അതു പോരെങ്കിൽ ഇതാ "ഹജൂരാപ്പീസു പരിഷ്കാരം" എന്ന ഒരു പുതിയ കിത്താബ്ബ് കൂടി ഇന്നലെ പോകാൻകാലത്തു് ഞങ്ങളുടെ മുഖത്തിട്ടിരിക്കുന്നു. സർ, നിയമസഭാസമ്മേളനം ഇതുയും ആസന്നമായിരുന്നസ്ഥിതിക്കു രാജ്യഭരണക്രമത്തെ കണ്ടമാനം സ്പർശിക്കുന്ന ഈ പരിഷ്കാരം, പുതിയ സിക്രട്ടറിമാരേയും സൂപ്രണ്ടുമാരേയും നിയമിച്ചുകൊണ്ടും, 'ചാടിക്കയറുന്ന കുരങ്ങിനു് ഒരേണി' എന്നപോലെ വകുപ്പദ്ധ്യക്ഷന്മാർക്കു കൂടുതൽ അധികാരം അനുവദിച്ചുകൊണ്ടും നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ പരിഷ്കാരപദ്ധതി, ഞങ്ങളോടൊന്നു പറഞ്ഞുംകൊണ്ടു പുറപ്പെടുവിക്കുന്നതിനുള്ള സ്നേഹമോ ആശ്രിതവാത്സല്യമെങ്കിലുമോ ഗവമ്മെണ്ടിനുണ്ടായില്ല. "കുരുക്കുന്നു് ആമയെക്കിട്ടിയതുപോലെ" ഇന്നലെമാത്രം കയ്യിൽ കിട്ടിയ ആ പദ്ധതിയെക്കുറിച്ചു് ഇന്നു ഞങ്ങൾ എന്തു പറയാനാണു്? അഥവാ ഞങ്ങളെന്തിനു പറയണം? ആർ ആവശ്യപ്പെട്ടു?

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെതന്നെയാണു്, സർ, ഗവമ്മെണ്ടിന്റെ എല്ലാ സംഗതികളും വകുപ്പുകളും, പൊതുജനങ്ങളെ സംബന്ധിച്ചേടത്തോളം നടന്നവരുന്നതു്. സ്ഥിരമായ ഒരു നയമോ, അനുസ്യൂതമായ ഒരു ആദർശമോ പൊതുജനക്ഷേമത്തിൽ യഥാർത്ഥമായ ഒരു ഔത്സുക്യമോ ഗവമ്മെണ്ടിന്നില്ല. തൽക്കാലാവശ്യത്തിന്നും ആത്മരക്ഷക്കും എന്തെങ്കിലും പറഞ്ഞും ചെയ്തും സഭുക്കളുടെ കണ്ണിൽ പൊടിയിടുകയാണു പണ്ടത്തെയും പതിവു്. സർ, ഒരുദാഹരണം പറയാം. കൊച്ചി രാജ്യത്തിലേ നെൽകൃഷിയിൽ വളരെ മുഖ്യമായ ഒരു സ്ഥാനം വഹിക്കുന്ന കോൾകൃഷിക്കു നേരിട്ടുകൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങളെക്കുറിച്ചു് അനേക കാലമായി അതിപരുഷമായി പുറപ്പെട്ടുകൊണ്ടിരിക്കുന്ന രോദനം സർ, വി ജയരാഘവാചാരി ദിവാൻജിയായിരുന്ന കാലത്തു് "ഒരു കോൾകമ്മിറ്റി"യെ ജനിപ്പിച്ചു. അവർ തെളിവെടുത്തും, അന്വേഷണം നടത്തിയും കോളിന്റെ രക്ഷക്കുള്ള മുന്നുമാർഗ്ഗങ്ങളെ നിർദ്ദേശിച്ചും അവയുടെ അത്യാവശ്യത്തെ പ്രസ്താവിച്ചും ഒരു റിപ്പോർട്ടും സമർപ്പിച്ചു. നല്ല ദംഗിയുള്ള നീലച്ചട്ടവെച്ചു് ഗവമ്മെണ്ടു് അതു് ഒരു ബ്ലൂബുക്കായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കലാശിച്ചു. കോൾക്കാരുടെ സന്തോഷവും തീർന്നു, ഗവമ്മെണ്ടിന്റെ ഭാരവും അവസാനിച്ചു. ആ പുസ്തകങ്ങളെങ്കിലും കുറെ വാങ്ങി കോൾനിലങ്ങളിൽ കൊണ്ടിട്ടു കൃഷിരക്ഷ ചെയ്തുകളയാമെന്നു വെച്ചാൽ ഇപ്പോൾ ആ പുസ്തകങ്ങളുമില്ല. ഇവിടെയുള്ള ജനങ്ങൾക്കുവേണ്ടിയുള്ള ഗവമ്മെണ്ടോ ജനങ്ങളുടെ ഗവമ്മെണ്ടോ അല്ലെന്നും ജനങ്ങളുടെ രോദനങ്ങൾ ഗവമ്മെണ്ടിന്റെ ഹൃദയകവാടങ്ങളെ—ഗവമ്മെണ്ടിന്നു് ഒരു ഹൃദയമുണ്ടെങ്കിൽ—ഉന്തിത്തുറക്കുന്നതിന്നു ശക്തങ്ങളല്ലെന്നുമാണു ജനപ്രതിനിധികളായ ഞങ്ങളുടെ അഭിപ്രായം. ഡിപ്പാർട്ടുമെണ്ടുകളെക്കൊണ്ടു ഗവമ്മെണ്ടു് അവരുടെ ചില പ്രത്യേകങ്ങളായ ഉദ്ദേശസാദ്ധ്യങ്ങൾക്കുവേണ്ടി പൊക്കാക്ക കളിക്കുന്നതു കണ്ടാൽ 'അഹോ കഷ്ടം' എന്നു പറയേണ്ടിയിരിക്കുന്നു. അതിനെക്കുറിച്ചും മറ്റും എന്റെ ബഹുമാന്യനായ നെല്ലായി മെമ്പർ അദ്ദേഹത്തിന്റെ അനർഘവും അതിധീരവും അവസരോചിതവുമായ ഗംഭീരപ്രസംഗത്തിൽ, ഈ സഭയുടെ ഒരു ഭാഗത്തെ മുഴുവനും കോൾമയിർകൊള്ളിക്കയും മറുഭാഗത്തിന്റെ മുഖത്തടിക്കയും ചെയ്തിട്ടുള്ള അനന്യകരണീയമായ ആ പ്രഥമപ്രസംഗത്തിൽത്തന്നെ, വേണ്ടപോലെ വിവരിച്ചു കഴിഞ്ഞിട്ടുണ്ടു്. പഞ്ചായത്തിനെ ഒരിക്കൽ കൃഷിക്കാരന്റെ കയ്യാലയിലേക്കും, പിന്നീടു ദിവാൻപേഷ്കാരുടെ കച്ചേരിയിലേക്കും, അചിരേണ ഒരു വകുപ്പ് ഡയക്ടരുടെ ബങ്കളാവിലേക്കും, ഇതാ ഇപ്പോൾ സാനിട്ടറി മേസ്തിരിമാരുടെ ഹസ്തങ്ങളിലേക്കും തള്ളിവിട്ടിരിക്കുന്നു. ഭാഗ്യവാനായ ഹെൽത്തു ഡയറക്ടരുടെ ശമ്പളക്കയറ്റത്തിന്നല്ലാതെ പഞ്ചായത്തിന്റെ സംപൂജ്യതക്കോ ജനങ്ങളുടെ നന്മക്കോ ഈ ഏർപ്പാടുകൊണ്ടു് ഒരു ഫ

LIBRARY ARCHIVES Kerala Legislative Assembly

ലവുമില്ല. ചരിത്രപ്രഖ്യാതനായ "മുഹമ്മദ് ബീൻതോഗ്ലാക്കി"ന്റെ ത ലസ്ഥാനമാറ്റക്കഥപോലെ ഇന്ന് അങ്ങോട്ടും നാളെ ഇങ്ങോട്ടും, മറ റന്നാൾ വീണ്ടും അങ്ങോട്ടും എന്ന മട്ടിൽ വകുപ്പുകളേയും സ്ഥാപനങ്ങ ളേയും ഉദ്യോഗസ്ഥന്മാരേയും മാറ്റിയും മറിച്ചും വിളയാട്ടുന്നതു കണ്ടാ ൽ ഈ രാജ്യത്തു "കേൾപ്പോരും കേൾവിയുമില്ലാ"തായിപ്പോയി എന്നു തോന്നും.

സർ, ഓരോ വകുപ്പുകളുടെ പ്രത്യേകങ്ങളായ പ്രവൃത്തികളെക്കു റിച്ചു ക്ലേശകരമായ ഒരു നിരൂപണത്തിനു ഞാനിപ്പോൾ ഒരുമ്പെടുന്നി ല്ല. അതിനുള്ള സമയവുമില്ല, സൌകര്യവുമില്ല. ആ കൃത്യം അതാതു വകുപ്പദ്ധ്യക്ഷന്മാരുടെ ചടങ്ങനുസരിച്ചുള്ള ധനാഭ്യർത്ഥനകൾ വരുന്ന സമയം ഒത്തവണ്ണം ഒരു കയ്യു നോക്കാമെന്നാണ് ഉദ്ദേശിക്കുന്നതു്. ഈ രാജ്യത്തിലെ സകല ജനങ്ങൾക്കും ഒരുപോലെ സഹായമായിത്തീരുന്ന തിനു വേണ്ടിയുള്ള പരസ്പര സഹായസംഘങ്ങൾപോലും ദുർബാധി തരായ നാട്ടുകാരെ സഹായിക്കുന്നതിനല്ലാ, കൂടുതൽ കടക്കാരും ബ ന്ധിതരുമാക്കുന്നതിനാണു പയ്യാപ്പമായിട്ടുള്ളതു്. കേവലം ഹുണ്ടിക ക്കാരേപ്പോലെ, എന്നാൽ അവർക്കുള്ളതിനേക്കാളും കഠിനങ്ങളായ നി യമനിബന്ധനകളോടുകൂടി, പലിശയും പിഴയുംകൂടിയാൽ ഹുണ്ടികക്കാർ ഭേദമാണെന്നു തോന്നത്തക്കവിധത്തിലും, പണം പലിശക്കു കൊടുക്കലു് മാത്രമാണു് ഈ സ്ഥാപനത്തിന്റെ പരമോദ്ദേശമെന്നായിരിക്കുമോ ഗ വമ്മെണ്ടിന്റെ ധാരണ. അതിൽ കവിഞ്ഞൊന്നും ഇതുയും കാലമാ യിട്ടും ചെയ്തിട്ടുമില്ല, ചെയ്യാൻ ഉദ്ദേശിക്കുന്നതായി പ്രസ്താവിച്ചു കേട്ടിട്ടു മില്ല.

സർ, ഇപ്രകാരം ആപാദമസ്തകം അനാവശ്യവ്യയംകൊണ്ടും അ ധികച്ചിലവുകൊണ്ടും നിറഞ്ഞതും അറിയാൻ വയ്യാത്തതു്, ആലോചി ക്കാൻ വയ്യാത്തതു്, പറയാൻ വയ്യാത്തതു്, തൊടാൻ വയ്യാത്തതു് ഇ ങ്ങിനെയുള്ള ഇനങ്ങളെക്കൊണ്ടു നിബിഡവും ആയ ഈദൃശമായ ഒരു ബഡ്ജറിനെ ഞങ്ങളുടെ അഭിപ്രായത്തിനും അംഗീകരണത്തിനും സമ ർപ്പിക്കുന്നതു നിരർത്ഥകവും,. . . . . .

Mr. Shabdai S. Koder.—Sir, I feel disappointed with the Budget as no provision is made even for the coming year for any of the crying needs of Mattanchery. 39,645 people of the State are huddled together in a small town with none of the modern conveniences that a growing town needs. Hon'ble Members from Mattanchery have brought to the attention of the Government in the last three Councils the various requirements of the town and it is regrettable, Sir, that the Government have taken no action. It was only ten years back that the Government thought of providing Mattanchery with an up-to-date male hospital and it is a great pity that even after a lapse of

LIBRARY ARCHIVES Kerala Legislative Assembly

ten years, the Government have not yet given us one. I cannot understand the cause for this long delay. The inconveniences the people, especially the poor, of Mattanchery are put to for want of an up-to-date male hospital have been discussed on the floor of this House more times than one. I, therefore, do not see the necessity of enumerating them here again today. I respectfully urge the Government to start the work immediately and complete the hospital by the end of next year. It would have certainly gone to the credit of the Government if they had shown their sympathy at least with the dumb creatures of Mattanchery. In every important town in the State there is a Government Veterinary Hospital and Mattancheri alone with its enormous cattle has none.

The need for a Government High School in Mattancheri for both sexes has been brought to the notice of the Government in the last Council by the Hon'ble Member for Mattanchery North. The two Government aided High Schools in Mattancheri at present do not meet with our educational requirements as one School as far away from the town and the other shamelessly excludes one class of the citizens of the State. The present state of the Mattancheri Lower Secondary Girls School is in a deplorable condition. The school itself is housed in three separate buildings and I understand the Headmistress is on the look out for a fourth one. I do not think such state of affairs exists anywhere else in the State.

Lastly, I think, Sir, I will be failing in my duty to the small community that has sent me here if I do not voice their grievances. The Jewish community of Cochin have been completely neglected by the Government in matters of appointment in the State service. We have been in Cochin for 1865 years and barring a Jewess in the medical department, there is not a single Jew in the State Service drawing a salary of Rs. 30 per month. Thanks to the neglect of the Government, the few of the professional men among us had to leave Cochin to earn their livelihood. In 1109 and 1110 not a single Jew was taken in the State service, though there were many qualified applicants including Graduates. I feel sorry to remark, Sir, that even the petty post of a peon was refused to the less unfortunate of my community. In this respect our State has a parallel to-day in Nazi Germany with this difference. In Germany, Herr Hitler is expelling all Jews in public service whereas in Cochin State today we are rigorously kept out of public service. The last Census Report shows that the small Jewish community of Cochin is slowly but surely dying out. I, therefore, respectfully appeal to.

LIBRARY ARCHIVES Kerala Legislative Assembly

the Heads of Departments to do mere justice to the claims of the community whom I am proud to represent here.

Mr. A. Eachara Menon.—Mr. President, Sir, I am sorry I cannot congratulate the Government for presenting this budget, a prototype of its foregoers. It is true the Government have laboured hard to make it a surplus Budget. The feeling after going through it is that the Government think that they would lose their cast if it were a deficit one. In their exertions to make it a surplus one, they have entirely forgotten the times they were living in. The prices of commodities have gone down. There is depression in all directions. Therefore it is the duty of the Government to assist the ryots to get the value of their commodities by providing them with easy means of communication and to make it possible to combat with the draughts owing to fickleness of the seasons by embarking on irrigation projects. They were wanting in imagination and they have grudged to allot the necessary amount under the Public Works which at one time held a race with Education. They have found a great decrease in the sale of the general stamp papers and in the number of documents registered and they have also seen the increase in the sale of judicial stamps. These go to prove conclusively that the people have become so indigent and helpless, that the little property they had, has been taken away from them through the courts and not as in normal times through the Registration Office. If the Government had budgetted for some remunerative work—works of irrigation which would be of great help to the agriculturists and to the Government—works found necessary from the time of Mr. Bhore, now Sir Bhore, works surveyed and estimated, works such as to name only a few, the northern channel to the Moolattura anicut, the irrigation works in Nemmara in Chittur Taluk and the diversion of the Chalakudi river to the kole lands in Trichur and works of Industry such as the making of stamps and stamp papers, they would have received a very much higher rate of interest than they now get for their money invested in banks and the agriculturists would have been partially able to cope with the depression and many an unemployed would have had work. Instead of that, they remain quite contended with simply performing a jugglery with figures. Now that I referred to the investment in banks may I be allowed to draw your attention, Sir, to the slight chronological error into which the Diwan had fallen, in the assumption that the amount of the loan was used for the Railway, since almost all the work with regard to the Railways had been over by the time the loan was announced. They are very ardent to provide for the amenities in big towns while they are deaf to the needs of the smaller ones.

LIBRARY ARCHIVES Kerala Legislative Assembly

When the Chittur Municipality prayed for light and drinking water to a portion of it they said they had no funds, of course, not without assigning some silly reasons therefor.

The step-motherly attitude, born of their canine attentions to allopathy, towards the Ayurvedic Hospital from its very inception has been assiduously maintained. They have a few officers appointed, without providing enough space for them to freely move about and no materials to work with. It would seem that their actions were envisaged more in relation to providing the incumbents with such offices than with the advancement of the Institution. The attendance in the hospital is large because the people like the treatment. The income from the dispensary is Rs. 4000. There will be an increase if provision be made in the Rama Varmha Hospital to supply medicines to the Panchayat dispensaries which spend Rs. 16000. The Government have appointed an Honorary Superintendent for the Hospital. Why not he be asked to superintend the Panchayat Dispensaries as well. It is refreshing to find that the Durbar has after all made up their mind to provide amply for the Palace. But there is news that the Government used to order the Tampurans occupying Government buildings to quit the places without compunction, without consulting their convenience. If it were true, it is to be sternly denounced. The Government are yearly budgetting a good amount under the forests. The return is very poor considering the denudation of the valuable forest that is taking place from year to year. The Conservator of Forests will do well to gird up his loins and make himself felt to those who infest the forest unauthorised. It requires some grit, some go which is lacking in our 'honest' Conservator, is the public opinion. The Government have after all made up their minds to have a Railway Auditor. But nothing is said about his work. It is a long-felt want and more than once I brought to the notice of the Government that it was not safe to place full faith in the accounts submitted by the Company.

Every year the staff is being increased in the medical department. This year there are fifteen extra hands under establishment and 11 clerks. Sir, my curiosity was excited to get into a building when I found women and boys emerging out of it. It was the out-patient dispensary converted to the General Hospital. It looked like a fish market and I find nothing in the Budget for improving it.

In the Stoneware Factory we proposed to spend Rs. 86,900 to get Rs. 95,000 and have a net gain of Rs. 8,100. Deducting

LIBRARY ARCHIVES Kerala Legislative Assembly

the interest on the investment, there will scarcely be enough assets to set apart for wear and tear. And it is a commercial concern. Yet, since there is no loss and since it gives employment to a few, the amount proposed to be spent should not be grudged.

A word about the recent appointments. This House had been demanding of the Government to fix a percentage of officers to be recruited to the judiciary from the Bar. The Government have been giving a deaf ear to it. And the result is we have a discontented judiciary. If the State is bereft of able and efficient men in the staff, no one would find fault with the Government for selecting from the Bar. Our judiciary cannot be said to be destitute of able officers. The Government seems to have a policy in this matter alone, for in none other have they a continuous policy. The sooner the Government learns the defect of the system, the better for the people and the Government. The complaint hitherto was that the State patronised only the Ernakulam Bar and that it should have a wider view. The State seems to have accepted the view, but it has shot wide of the mark.

Cochin depends to be abreast of time, to meet all her necessities, entirely on her Harbour. How she came to mate with Travancore and the Madras Government in the construction of her Harbour, it is not worth the while to consider at present. To make the best of what is now obtainable will alone be our aim. It was at no time thought that we would have to surrender her jurisdiction over the Harbour area. The India Government has now stepped in with a demand for a share in the proceeds, etc. But we are unable to meet our demands without our full share fixed upon at the initiation.

Therefore, Sir, we can never surrender the jurisdiction nor can we afford to allow the India Government to have a share in the proceeds from it. If we cannot join the federation without our forgoing the proceeds from the Harbour, we shall go without the federation. His Highness our Gracious Maharaja had said that the jurisdiction over any the least portion of the Cochin State, over even a gosh-padam, would not be surrendered. His Highness has the entire support of the loyal and law-abiding and loving subjects in strenuously withholding the surrender. We stand or fall by it. We are spending lakhs and lakhs on the Railway and we are treated to surfeit with the refuse of worn out waggons at a very high cost. Why have the Govern ment not thought of making the carriages locally? We hav a workshop in Chalakkudi and we have timber. What stand

LIBRARY ARCHIVES Kerala Legislative Assembly

in the way of the Government in building our own carriages in our workhouse instead of paying heavily for these ricketty ones. The platforms are so very low that old men and women and invalids find it very difficult to get into the carriages and out of it. It was a pitiable sight to see a short woman, a lonely traveller, trying to get down the train a couple of days ago and she actually required the services of a porter to get down. The convenience of the passengers has not been cared for. Who is responsible for it? We have no non-official in the Railway Board as Travancore has. We blindly accept what the company says and gives. This is a sad state of circumstances. Therefore, it is high time that we secured a hand in the working of our line by the Company.

With regard to the reforms in the Huzur, the Diwan had been pleased to say, Sir, that no extra expense would be incurred by the changes he had made. As regards the incumbents, I feel the Diwan could not have selected better people for the posts than these who have been now appointed to them. But consider how he explained away that there was no more expense than it was before. The explanation was given that the Registrar of Panchayats had been taken to the Huzur on the same pay. Mr. T. S. Narayana Ayyar who has been drafted as Chief Secretary to Government had been drawing the same pay and there was no extra expense there, I admit. But what were the posts these people were holding before. Mr. Narayana Ayyar was taken into service for a particular purpose and he was given this pay. No doubt, he deserved it. Is it for giving a place now that a post was created? By taking him away from the judiciary, have we not lost a very very able law officer. These things never weighed with the Diwan. Why, we don't see.

The Government have already said that our expenses are going up and the revenues are standing still. If we spend like this, we do not know where we will be ere long.

Before I conclude, I request you to kindly convey the humble felicitations of myself and my constituency to His Highness Our Gracious Maharaja.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, രാജ്യത്തിലെ ആയവ്യയങ്ങളേയും ഭരണസ്ഥായങ്ങളേയുംകുറിച്ചു പൊതുവെ നിരൂപണം ചെയ്യുവാൻ ഈ നടയ്ക്കു സംവത്സരത്തിലൊരിക്കൽ സിദ്ധിക്കുന്ന ഈ അവസരത്തെ യഥാമതി പ്രയോജനപ്പെടുത്തേണ്ടുന്ന ചുമതല നിർവ്വഹിക്കുകയാണ് ഈ പ്രസംഗംമൂലം ഞാൻ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പതിവുപോലെയുള്ള ഒരു ആയവ്യയക്കണക്ക് ഇത്തവണയും ഈ സഭ മുമ്പാകെ ഗവമ്മെണ്ടു സമർപ്പിച്ചിട്ടുണ്ട്. പതിവുപോലെ എന്നു ഞാൻ പറയുന്നത് കരുതലോടുകൂടിയാണ്. രാജ്യത്തിൽനിന്നു ജനങ്ങളുടെ ധനസ്ഥിതിയേയും കഷ്ടതകളേയും പരിഗണിക്കാതെ, പിരിക്കാവുന്നിടത്തോളം പണം ഓരോ ഇനങ്ങളിലായി പിരിച്ചെടുത്തു സമർപ്പിക്കുക; അതിൽനിന്ന് ഉദ്യോഗസ്ഥന്മാർക്കു വേണ്ടുന്ന തുക ശമ്പളവും ബത്തയുമായി അവർക്ക് വീതംവെച്ചു കൊടുക്കുക; കഴിച്ചു ബാക്കിയുള്ളതിൽ കുറെയെടുത്തു വിദ്യാഭ്യാസം, വൈദ്യം, മരാമത്തു മുതലായി ജനങ്ങൾക്കു ഉപയോഗമുള്ള കാര്യങ്ങളിലേക്കു ചിലവിടുക. അവസാനം ചിലവിനു പോരാതെവന്നാൽ ഡെഫിസിറ്റ്, അധികം വന്നാൽ സർപ്ലസ്സ് ഇങ്ങിനെയൊക്കെയാണ് നമ്മുടെ ഗവമ്മെണ്ടിന്റെ വരവു ചിലവു സമ്പ്രദായങ്ങൾ. അതിനൊത്തവണ്ണം ഒരു ബഡ്ജറ്റു തയ്യാറാക്കി നിയമസഭയിൽ സമർപ്പിക്കലാണ് ഇവിടത്തെ ഗവമ്മെണ്ടിന്റെ പഴയ പതിവ്. ആ പഴഞ്ചൻരീതിയെ അണുമാത്രവും വിടാതെ അച്ചടിച്ചു തയ്യാറാക്കി ഇത്തവണയും ഒരു ബഡ്ജറ്റു പുസ്തകം ഗവമ്മെണ്ടു തന്നിട്ടുണ്ട്. ശാസ്ത്രീയമായി നോക്കുമ്പോൾ ഇതിനു ബഡ്ജറ്റ് എന്നു പേർ പറയാമോ എന്നു കായ്യം സന്ദേഹാവഹമാണ്. അഥവാ ആ പേർ പറയാമെന്നുണ്ടെങ്കിൽ തന്നെയും ആധുനികധനതന്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽ അതിനുള്ള സ്ഥാനം ഏറ്റവും എളിയതാണെന്നു തീർച്ചതന്നെ.

ധനശാസ്ത്രജ്ഞനെന്നു വിഖ്യാതനായ ഒരു ദിവാൻജി ഈയിടെ നിയമിതനായപ്പോൾ ഇവിടത്തെ ബഡ്ജറ്റിന്റെ രീതിതന്നെ ഒന്നു മാറിക്കാണുമെന്നു ജനങ്ങൾ പൊതുവെ ആശിച്ചിരുന്നു. ഇത്തവണത്തെ ബഡ്ജറ്റു് ആശയ്ക്കു അൽപവിരുത്തി. ആകൃതി മാറിയാലും ഈ പഴഞ്ചൻ ബഡ്ജറ്റു രീതിക്കു മാറ്റമില്ലെന്നു തീർച്ചയായി.

1100-ൽ ഇരുപത്തയ്യായിരത്തിൽപരം ഉറുപ്പിക ചിലവുകഴിച്ചു മിച്ചമുണ്ടാകുമെന്നു ധനകായ്യമെമ്പർ മാധുര്യമേറിയ വാക്കുകൾ പ്രയോഗിച്ചു് ഈ സഭയെ ഗ്രഹിപ്പിച്ചു. ധനകായ്യവിദഗ്ധനായ അദ്ദേഹത്തെ ഈ രാജ്യം വിശ്വസിച്ചു. ഇപ്പോളിതാ ഇരുപത്തി അയ്യായിരം സർപ്ലസ്സിനു പകരം മൂന്നു ലക്ഷത്തിൽപരം ഉറുപ്പിക ഡെഫിസിറ്റാണെന്നു ധനകായ്യമെമ്പർ ഈ സഭയെ ഗ്രഹിപ്പിക്കുന്നു. വിദഗ്ധനായ ധനകായ്യമെമ്പക്ക് വളരെയൊന്നും തെറ്റീട്ടില്ല. വ്യത്യാസം പത്തു പതിമൂന്നിരട്ടി മാത്രമേയുള്ളൂ. ഇതേവൈദഗ്ധ്യവും ദീർഘദൃഷ്ടിയും വെച്ചുകൊണ്ടുതന്നെയാണ് ഇത്തവണയും ആയവ്യയങ്ങൾ ഗണിച്ചിട്ടുള്ളതെങ്കിൽ, കായ്യം, കഴിഞ്ഞ സംവത്സരത്തിലേക്കാൾ അപകടമായേക്കും. ഇരുപത്തയ്യായിരം മിച്ചം മൂന്നു ലക്ഷം ഉറുപ്പികയിൽ കലാശിച്ചതു നോക്കുമ്പോൾ ഇത്തവണത്തെ അറുപത്തെണ്ണായിരം മിച്ചം എട്ടൊമ്പതു ലക്ഷം ഡെഫിസിറ്റിൽ കലാശിച്ചാൽ അക്കം ഒട്ടും

LIBRARY ARCHIVES Kerala Legislative Assembly

അത്ഭുതത്തിന്നവകാശമില്ല. വാസ്തവത്തിൽ അധികച്ചിലവിന്നുള്ള വഴികളെല്ലാം ഇപ്പോൾത്തന്നെ കാണാനുണ്ട്. ഹജൂർ പരിഷ്കാരം യാതൊരു അധികച്ചിലവും വരുത്തുകയില്ലെന്നു പറയപ്പെടുന്നുണ്ടെങ്കിലും അതു പൂർണ്ണമായി നടപ്പിൽ വരുമ്പോൾ ഒരു നല്ല തുക അധികച്ചിലവുണ്ടാകാതിരിക്കയില്ല. അതിഥിസൽക്കാരം മുതലായവയിൽ വലിയ വലിയ തുകകൾ ചിലവുണ്ടാകുവാനുള്ള ഏർപ്പാടുകളുണ്ട്. ഇവയ്ക്കൊന്നും ബഡ്ജറ്റിൽ സ്ഥാനം കൊടുത്തിട്ടില്ല. ഇവയെല്ലാം ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ ഇപ്പോൾതന്നെ ഇതൊരു ഡെഫിസിറ്റ് ബഡ്ജറാകുമായിരുന്നുവെന്നാണ് തോന്നുന്നത്. ഗവൺമെണ്ടിന്റെ ആയവ്യയക്കണക്ക് അങ്ങിനെ നിൽക്കട്ടെ. ഇനി നമുക്ക് ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയൊന്നു നോക്കുക.

പദാർത്ഥങ്ങളുടെ വിലയിടിച്ചൽ, സാമ്പത്തികാധഃപതനംമൂലം ഉള്ള മറ്റു കഷ്ടതകൾ, വിളവു നാശം, വിളവു കുറവ്, ഇരുട്ടടി നികുതി എന്നിവയാൽ ജനങ്ങൾ പൊതുവേയും കർഷകന്മാർ വിശേഷിച്ചും വളരെ വളരെ കഷ്ടത്തിലായിട്ടുണ്ട്. അവരെ സഹായിക്കുവാനുള്ള യാതൊരേർപ്പാടും ഈ ബഡ്ജറിൽ കാണുന്നില്ല. നികുതിയിൽ പന്ത്രണ്ടര ശതമാനം കുറവു ചെയ്തിട്ടുണ്ടെന്നു ഗവൺമെണ്ടു് അഭിമാനിക്കുന്നുണ്ടെങ്കിൽ അതു കേവലം അബദ്ധമാണ്. നികുതി ഇളവ് ജന്മികൾക്കും ദേവസ്വങ്ങൾക്കും പണ്ടാരവക വസ്തുക്കളുടെ ഉടമസ്ഥന്മാർക്കും മാത്രമേ ലഭിക്കുന്നുള്ളൂ. പാവപ്പെട്ട കർഷകന്മാർക്ക് അതു നിമിത്തം ഒരു മെച്ചവുമില്ല. കാർഷിക പദാർത്ഥങ്ങൾക്ക് വിലക്കുടുതൽക്കവണ്ണം അവയ്ക്കു കൂടുതൽ മാർക്കറ്റുകൾ കണ്ടുപിടിക്കുവാൻ ചില മാർക്കറ്റിംഗ് ഓഫീസർമാരെ ഗവൺമെണ്ടു നിയമിച്ചിട്ടുണ്ടെങ്കിലും അവരുടെ ജോലിയെന്തെന്ന് ഇനിയും തീർച്ചയാക്കീട്ടില്ലെന്നാണ് അറിയുന്നതു്. അത്തരം മാർക്കറ്റിംഗ് ഓഫീസർമാർക്കു ഗവൺമെണ്ടു ശമ്പളം കൊടുക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചു് ചോദ്യം ചെയ്യേണ്ടിയിരിക്കുന്നു. ജുണനിവാരണത്തിന്നു 20 ലക്ഷം ഉറുപ്പിക കർഷകന്മാർക്കു കടംകൊടുപ്പാൻ ഗവൺമെണ്ടു് തീർച്ചയാക്കി. ഇപ്പോൾ അതു് 1 ലക്ഷമാക്കി കുറച്ചിരിക്കുന്നു. കൊല്ലത്തിൽ അര ലക്ഷം ഉറുപ്പിക ശമ്പളം പറ്റുന്ന ലോൺ ആപ്പീസർമാർ ക്ലർക്കന്മാരുടെ ഇരുന്നു ജോലിചെയ്തിട്ടും ഈ അഞ്ചു ലക്ഷത്തിൽ 1 കവിയോളം ഇന്നേവരെയും ആർക്കും കടം കൊടുത്തിട്ടില്ല. ജുണഭാനപദ്ധതിയുടെ ചട്ടവട്ടങ്ങളിലുള്ള പിഴവാണ് ഇതിന്നു കാരണമെന്നു പുതിയ ദിവാൻജി മനസ്സിലധികം പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ആ പിഴവു തീർത്തു കാര്യം നടത്തുവാൻ വേണ്ടതൊന്നും ഗവൺമെണ്ടു ചെയ്യുകാണുന്നില്ല. ആ അഞ്ചു ലക്ഷത്തേയും അര ലക്ഷം ശമ്പളം പറ്റുന്ന ലോൺ വകുപ്പിനേയും നോക്കി നോക്കി കൊതിച്ചുകൊണ്ട് ഇനിയും എത്ര കാലം കഴിക്കേണ്ടിവരുമെന്നറിഞ്ഞുകൂടാ. ഇനിയൊരു ഭൂസമ്പത്തു പണയബാങ്കിന്റെ ആവിർഭാവമാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഫലം എന്തായിരിക്കുമെന്ന് ഇപ്പോൾ പറയുവാൻ വയ്യാ. ഇതൊന്നും പാവപ്പെട്ട കർഷകന്മാരുടെ കഷ്ടതക്കു പരിഹാരമുണ്ടാക്കുമെന്നു തോന്നുന്നില്ല. സുപ്രസിദ്ധമായ ആൻറണി കമ്മറിയുടെ റിപ്പോർട്ടിൽ പണപ്പലിശ നിയന്ത്രിക്കുവാനും മറ്റുമുള്ള പല നല്ല നിർദ്ദേശങ്ങളും ഉണ്ടായിരുന്നിട്ടും അവയെ യാതൊന്നും നടപ്പിൽ വരുത്തുവാൻ ഗവമ്മെണ്ടു സന്നദ്ധമാകുന്നില്ല. കുറി റഗുലേഷനും കുറി വിളംബരവും പാവങ്ങൾക്കു കുറെ ആശ്വാസം നൽകിയിരുന്നതു് ഈയിടയിൽ ഉണ്ടായ ഒരു ചീഫ് കോർട്ട വിധിമൂലം തകർന്നുപോയി. പാവപ്പെട്ട കർഷകന്മാരിൽനിന്നു പിഴ പിരിക്കുവാനുള്ള അവകാശം കുറിയുടമസ്ഥന്മാരായ ധനികന്മാർക്കും ബാങ്കുകാർക്കും പിന്നെയും ലബ്ധമായിരിക്കുന്നു. ഇങ്ങിനെ ഒട്ടാകെ നോക്കുമ്പോൾ പാവപ്പെട്ടവരുടെ സാമ്പത്തികസ്ഥിതി നന്നാക്കുവാനുള്ള പരിശ്രമമൊന്നും ഗവമ്മെണ്ടു ചെയ്യുന്നില്ലെന്നു കാണാം. സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള ശരിയായ വിവരം ഗ്രഹിക്കുവാനെന്നു പറഞ്ഞുകൊണ്ടു തുടങ്ങിവെച്ച സാമ്പത്തിക സർവ്വെ അവസാനിക്കുന്ന ലക്ഷണവും കാണുന്നില്ല. വിധിനടത്തുകയും മാസത്തേക്കു് നിറുത്തിവെക്കുന്നതുമൂലം ഋണബാധിതർക്കു കുറച്ചു ദിവസത്തേക്കു് ആശ്വാസമുണ്ടാകുമെങ്കിലും പലിശ നിയന്ത്രണത്തെപ്പറ്റി ഇനിയും ഗവമ്മെണ്ടു് ഒന്നും ചെയ്യുന്നതായിക്കാണുന്നില്ല.

ജനങ്ങൾക്കിടയിൽ വിശേഷിച്ചും അഭ്യസ്തവിദ്യർക്കിടയിൽ തൊഴിലില്ലായ്മ കണക്കില്ലാതെ വർദ്ധിച്ചുവരുന്നു. സർക്കാരുദ്യോഗങ്ങളിൽ ന്യായമായ പ്രാതിനിദ്ധ്യം കിട്ടിയാൽ അധഃകൃതർക്കും അവശസമുദായക്കാർക്കും ഇതിൽനിന്നു സ്വല്പമെങ്കിലും രക്ഷയുണ്ടാകും. വകുപ്പദ്ധ്യക്ഷന്മാർ മിക്കവാറും സവർണ്ണരും അവരിൽ മിക്കവരും സവർണ്ണപക്ഷപാതികളുമാകയാൽ പല വകുപ്പിലും അവശസമുദായക്കാർക്കും അധഃകൃതർക്കും ശരിയായ പ്രാതിനിദ്ധ്യം ലഭിക്കുന്നില്ല. നിശ്ചിത പരീക്ഷായോഗ്യതയുള്ള അധഃകൃതരിലും അവശസമുദായങ്ങളിലും ഉള്ള അപേക്ഷകർക്കു മുൻഗണന കൊടുക്കണമെന്നുള്ള ഗവമ്മെണ്ടുത്തരവു് ഇന്നും "ഏട്ടിലെ പശുവായി" തന്നെയിരിക്കുന്നു. മുമ്മൂന്നു മാസം കൂടുമ്പോൾ ഉദ്യോഗ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക പ്രസിദ്ധപ്പെടുത്തണമെന്നുള്ള ഗവമ്മെണ്ടു കല്പനയെപ്പോലും ചില വകുപ്പദ്ധ്യക്ഷന്മാർ ലംഘിച്ചു കാണുന്നു. റവന്യൂ വകുപ്പു വിശേഷിച്ചും സവർണ്ണപക്ഷപാതിത്വത്തിനു് പണ്ടേ കുപ്രസിദ്ധമാണു്. ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷന്റെ കീഴിലും ആ വകുപ്പു പഴയ ദൃഷ്ടിപതിനടങ്ങു വർദ്ധിപ്പിക്കുന്നതല്ലാതെ ഒട്ടും കുറക്കുന്നില്ല. ഒരു അമ്പലവാസി കൃഷിഡിപ്പാർട്ടുമെണ്ടിന്റെ അദ്ധ്യക്ഷനായപ്പോൾ കർഷകരായ അവശസമുദായങ്ങളെ അമ്പലങ്ങളിൽനിന്നു അകറ്റിനിറുത്തുന്നതുപോലെ കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നും അകറ്റിനിറുത്തുകയാണു ചെയ്യുന്നതു്. അവിടെയും പ്രവേശനം കിട്ടാതെ കാട്ടിൽ കയറിക്കളയാമെന്നു വിചാരിച്ചാൽ ആ വകുപ്പിലും അവശസമുദായങ്ങൾക്കു് പ്രവേശനമില്ല. ഇങ്ങിനെ സനാതനികളായ ഓരോ വകുപ്പദ്ധ്യക്ഷന്മാർ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ഡിപ്പാർട്ടുമെണ്ടുകളും തീണ്ടൽ കച്ചേരികളാക്കി വെച്ചിരിക്കുന്നു. ഈ വക കഷ്ടതകളിൽനിന്നു രക്ഷകിട്ടുവാനാണ് അവശസമുദായങ്ങളും ഒരു പബ്ലിക് സർവ്വീസ് കമ്മിഷൻ വേണമെന്നു മുറവിളി കൂട്ടുന്നതു്. അതു ഗവൺമ്മെണ്ടു് ഒരിക്കൽ സമ്മതിച്ചുകഴിഞ്ഞിട്ടുണ്ടു്. എന്നിട്ടും ആ ഏർപ്പാടു് നടപ്പിൽവരുത്താതിരിക്കുന്നതു് ഉദ്യോഗക്കുത്തക വഹിക്കുന്ന സമുദായങ്ങളെ തൃപ്തിപ്പെടുത്തുവാനാണെന്നു രഹസ്യം ഇപ്പോൾ പരസ്യമായിട്ടുണ്ടു്. അവശസമുദായങ്ങളും ഈ അനീതി വളരെക്കാലം സഹിച്ചുപൊറുത്തുകൊണ്ടിരിക്കയില്ലെന്നു ഗവൺമ്മെണ്ടു മനസ്സിലാക്കുന്നതു് എല്ലാവർക്കും നന്മയായിരിക്കും.

ഉദ്യോഗങ്ങളും കഴിഞ്ഞാൽ പിന്നെ ജനങ്ങൾക്കു് ഗവൺമ്മെണ്ടിൽ നിന്നു വല്ലതും സമ്പാദ്യമുണ്ടാകുന്ന ഏർപ്പാടു പൊതുമരാമത്തു വകുപ്പിലും മറ്റുമുള്ള കരാറുകളാണു്. ഈ കരാറുകളെല്ലാം ഒരു കൂട്ടം പഴയകുത്തകക്കാർക്കു മാത്രമേകിട്ടുന്നുള്ളൂ. കരാറുകൊണ്ടു ലക്ഷക്കണക്കിൽ പണം സമ്പാദിച്ചുവരെപ്പോലെ ഉദ്യോഗസ്ഥന്മാരുടെ സേവ സമ്പാദിച്ചു കരാറു കൈക്കലാക്കുവാൻ സാധുക്കൾക്കു സാധിക്കുന്നില്ല.

മിസ്റ്റർ. ടി. എ. രാമചന്ദ്രയ്യർ:— ടെണ്ടർ വിളിയ്ക്കാറില്ലേ?

മിസ്റ്റർ. കെ. എസ്സു്. പണിക്കർ:— ഉവ്വു്.

കരാറുകൾ "Lowest tender" സമർപ്പിക്കുന്നവർക്കു നൽകണമെന്നു് ഒരു കല്പന ഗവൺമ്മെണ്ടു് ഇതിനു മുമ്പു പുറപ്പെടുവിച്ചിട്ടുണ്ടു്. അന്നു കുത്തകക്കാരെ അതിക്രമിച്ചു ചില കരാറുകൾ കൈക്കലാക്കുവാൻ ചിലർക്കു സാധിച്ചിരുന്നു. ഇപ്പോൾ വീണ്ടും ആ പതിവു നിറുത്തി, മരാമത്തു വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കു് ഇഷ്ടംപോലെയുള്ളവർക്കു കരാറു കൊടുക്കാമെന്നുള്ള ഏർപ്പാടു പുനഃജന്മമെടുത്തു വന്നിരിക്കുന്നു. ഇതിന്റെ ഫലം കരാറുകളെല്ലാം പഴയ കുത്തകക്കാർക്കു മാത്രം കിട്ടുകയാണു്. ഈ ദുസ്ഥിതിക്കു തക്ക പരിഹാരം ഗവൺമ്മെണ്ടു ചെയ്യുന്നതു പ്രയോജനപ്രദമായിരിക്കും.

സാമ്പത്തിക പ്രശ്നത്തോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണു നീതിന്യായം. ജനങ്ങൾക്കു ശരിയായ നീതിന്യായം നൽകുന്നതു ഗവൺമ്മെണ്ടിന്റെ കർത്തവ്യമാണു്. പോലീസ് വകുപ്പിന്റെ കാര്യമാണു് ഇതിൽ ആദ്യമായി നോക്കേണ്ടതു്. Test പാസ്സായ ഈഴവർക്കും Test പാസ്സാവാത്ത ഈഴവർക്കും ഒരു രക്ഷയുമില്ലാത്ത ഡിപ്പാർട്ടുമെണ്ടാണു് ഇതു്. എങ്കിലും ഇവിടത്തെ പോലീസു വകുപ്പിലെ കീഴുദ്യോഗസ്ഥന്മാരുടെ നില വളരെ ശോചനീയമാണു്. പത്തും പന്ത്രണ്ടും ശമ്പളം വാങ്ങുന്ന പാവപ്പെട്ട കാൺസ്റ്റബിൾമാരുടെ പട്ടിണി തീർക്കുവാനുള്ള യാതൊരു ശ്രമവും ഗവൺമ്മെണ്ടു ചെയ്യുന്നില്ല. എന്നുതന്നെയല്ലാ അവർക്കു കിട്ടിക്കൊണ്ടിരുന്ന വളരെ നിസ്സാരമായ ബത്ത ക്രൂടി വെട്ടിക്കുറച്ചിരിക്കുന്നു. ഇരവു പകൽമാറിയ ശവം ക്രൂടി കാത്തുകൊണ്ടിരിക്കേണ്ടവരായ ഈ പട്ടിണിപ്പരിഷകളുടെ സ്ഥിതി ഇങ്ങിനെ കഷ്ടത്തിലിരിക്കുമ്പോൾ നാമാകട്ടെ. ശമ്പളം പറ്റി സുഖമായിട്ടു ജീവിതം കഴിക്കുന്ന കമ്മീഷണ

LIBRARY ARCHIVES Kerala Legislative Assembly

ടെ ശമ്പളത്തിൽ ഫഠക. ക്രടി ക്രട്ടി അദ്ദേഹത്തിന്റെ സങ്കടം തീ ക്കുക എന്ന പുണ്യകമ്മം പുതിയ ദിവാൻജി വന്ന ഉടനെതന്നെ നിവ്വ ഹിച്ചുകഴിഞ്ഞു. ഇങ്ങിനെയുള്ള ഈ പട്ടിണിപ്പരിഷകളിൽ പരീക്ഷാ യോഗ്യതയുള്ള ഓരോരുത്തരെ ഓരോ മാസത്തേക്കു പോലീസു വകു പ്പധ്യക്ഷന്റെ ക്യാമ്പു ക്ലാക്കാക്കിയാലും കുറച്ചു രക്ഷയാകുമായിരുന്നു. പോലീസു വകുപ്പിന്റെ നീതിപാലനം എങ്ങിനെയാണിരിക്കുന്നതെന്ന് ഇപ്പോൾ ഇവിടെ വിവരിക്കുന്നില്ല. കീഴ് ജീവനക്കാരെ തൃപ്തിപ്പെടുത്തു കയും നീതിപോലെ കായ്യം നടത്തുന്നതിനു വേണ്ടത്ര ശക്തിയോടുകൂടി യ കല്പന ഗവമ്മെണ്ടു ക്രടക്കുടെ നൽകുകയും ചെയ്തില്ലെങ്കിൽ ഇവിടത്തെ പോലീസു വകുപ്പുകൊണ്ടുള്ള ഫലം ക്രമേണ കുറഞ്ഞുകുറഞ്ഞു വരുമെ ന്ന് ഇപ്പോഴത്തെ അനുഭവംകൊണ്ടു കണക്കാക്കാവുന്നതാണ്. നീതി ന്യായ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെനേരെ ഗവമ്മെണ്ടു കാണിക്കു ന്ന ചിറമ്മനയവും ആക്ഷേപാർഹമാണ്. ന്യായാധിപസ്ഥാനങ്ങ ളം ഒഴിവു വരുമ്പോൾ ഗവമ്മെണ്ടു് ഡിപ്പാർട്ടമെണ്ടിലുള്ള വരുടെ അവ കാശങ്ങളം അവഗണിച്ചു് അന്യരാജ്യത്തിലെ ബാറിൽനിന്നു വക്കീല ന്മാരെ നിയമിക്കുന്നതുകൊണ്ടു് ഇവിടത്തെ judicial വകുപ്പിലെ ഉദ്യോ ഗസ്ഥന്മാരും ഈ രാജ്യത്തിലെ വക്കീലന്മാരും ഭഗ്നാശയരായിട്ടുണ്ടു്. ചീഫ് കോർട്ടിലേക്കു് ഈയിടയിൽ നടന്ന ഒരു നിയമനം തന്നെ എ ത്രപേരുടെ അവകാശങ്ങളം അവഗണിച്ചുകൊണ്ടാണെന്നു നോക്കുക. മേല്ക്കുമേൽ വന്നുവീഴുന്ന ഇത്തരം നിയമനങ്ങളാൽ മനസ്സു മടുത്തുപോ യ ഉദ്യോഗസ്ഥന്മാരിൽനിന്നു കിട്ടുന്ന ദീനമായ നീതിന്യായംകൊണ്ടു് ജനങ്ങളം തൃപ്തരാകണമെന്നു് ഗവമ്മെണ്ടു വിചാരിക്കുന്നതു മഹാകഠി നംതന്നെ. നീതിന്യായ വകുപ്പിലെ ശിപായിമാരുടെ ബത്ത കുറച്ചിരി ക്കുന്നതും വലിയ കഷ്ടമാണ്.

ജനങ്ങളുടെ ഹൃദയത്തിനു വെളിച്ചം നൽകുന്ന വിദ്യാഭ്യാസ വകു പ്പിന്റെ നിലയെന്താണ്? പുതിയ വിദ്യാഭ്യാസ മേലധ്യക്ഷന്റെ പുറ പ്പാടു ബഹു കേമമായിരിക്കുന്നു. അദ്ദേഹം വന്ന ഉടനെ ഒരു വിദ്യാഭ്യാ സ സവ്വെ നടത്തി. പല കമ്മറിക്കം നിയമിച്ചു. വിദ്യാഭ്യാസ പരി ഷ്കാരമാരംഭിച്ചു. ഇപ്പോൾ അവയെക്കുറിച്ചു യാതൊരു ശബ്ദവും കേ ൾക്കാനില്ല. കാലോചിതമായിട്ടു വിദ്യാഭ്യാസം പരിഷ്കരിച്ചു രാജ്യ ത്തിനു ക്ഷേമം നൽകുവാൻ അദ്ദേഹം ശക്തനാകുമെന്നു ജനങ്ങൾക്കു ണ്ടായിരുന്ന പ്രതീക്ഷ ഏതാണ്ടു നിരാശയിൽ കലാശിച്ചിരിക്കുന്നു. പുതിയ ഗ്രാൻറു വിദ്യാലയങ്ങൾക്കു് അംഗീകരണവും പഴയ വിദ്യാല യങ്ങളിലെ പുതിയ ക്ലാസ്സുകൾക്കു സഹായധനവും നൽകാതെ മാനേ ജർമാരെ വിഷമിപ്പിക്കയാണു വിദ്യാഭ്യാസ മേലധ്യക്ഷൻ ഇപ്പോൾ ചെയ്യുന്നതു്. ഈഴവർ മുതലായ അവശ സമുദായങ്ങൾ ഇതുവരെ അ നുഭവിച്ചു വന്നിരുന്ന ഫീസ്സിളവു കായ്യത്തിൽ അനാവശ്യമായി പല കുഴപ്പങ്ങളുമുണ്ടാക്കി അവരെ ദ്രോഹിക്കുന്നുണ്ടു്. ഒരിക്കൽ തിരഞ്ഞെ ടുത്ത പാഠ്യപുസ്തകങ്ങളം രണ്ടുമൂന്നുകൊല്ലങ്ങളം ചെല്ലുമ്പോൾ മാറുന്ന

LIBRARY ARCHIVES Kerala Legislative Assembly

പതിവുനിരുത്തി എട്ടോ പത്തോ കൊല്ലത്തെ ആയുസ്സ് അവയ്ക്കു നൽകുകയും പുസ്തകങ്ങളുടെ വില കഴിയുന്നത്ര കുറയ്ക്കുകയും ഇപ്പോഴത്തെ ഫീസ്സു നിരക്കിൽ കാലത്തിനനുയോജ്യമായ വിധത്തിൽ കുറയ്ക്കുകയും ചെയ്യുവാൻ വിദ്യാഭ്യാസമേലധ്യക്ഷൻ ശ്രദ്ധവെക്കേണ്ടതാണ്. പിന്നാക്കം നില്ക്കുന്ന ജാതിക്കാക്കുള്ള പകുതി ഫീസ്സു സൌജന്യം വലിയ ബുദ്ധിമുട്ടകൂടാതെ അവക്കു സുലഭമാകത്തക്ക ഏർപ്പാടുകൂടി വിദ്യാഭ്യാസ മേലധ്യക്ഷൻ പ്രത്യേകം ചെയ്യേണ്ടതാണ്. (ഹീയർ, ഹീയർ.)

ആരോഗ്യവകുപ്പു തൊഴിൽ നികുതി ചുമത്തി പാവങ്ങളുടെ വയറടിക്കുന്നതു നിറുത്തൽചെയ്യാഞ്ഞാൽ നാട്ടിൻപുറങ്ങളിൽ പ്രശാന്തതയുണ്ടാവുകയില്ല. അതേവിധംതന്നെ ഫ്രഫ്രഫ-ലെ ഫ-ാം റഗുലേഷൻ ഒബ്ലൂലപ്പെടുത്തി സാധനങ്ങൾ ക്രയവിക്രയം ചെയ്യുന്നതിനു ധാരാളം മാക്കറുകൾ എല്ലാ ദിക്കിലും അനുവദിച്ചു കൊടുക്കുകയും വേണം.

പാവപ്പെട്ട അധഃകൃതരുടെ കാര്യമാണ് എല്ലാറ്റിലും കഷ്ടമായിരിക്കുന്നത്. അവക്കുവേണ്ടി ഗവമ്മെണ്ടു പണം ചിലവിടുന്നതിൽ വലിയ പിശുക്കു തുടങ്ങിയതായി ഇത്തവണത്തെ ബഡ്ജറ്റ് സ്പഷ്ടമാക്കുന്നുണ്ട്. ആ വകുപ്പിലേക്കനുവദിക്കുന്ന സൌജന്യങ്ങൾപോലും അതിന്റെ അനുഭോക്താക്കളായ പാവപ്പെട്ട അധഃകൃതക്കു ലഭിക്കുന്നില്ല. അവക്കു പഠിക്കുവാനുള്ള പുസ്തകങ്ങൾപോലും സമയത്തിനു കിട്ടുന്നില്ല. അധഃകൃതക്കു പാർക്കുവാനുള്ള പാഴ് പറമ്പുപോലും കിട്ടുന്നില്ല. അവർ കുടിവെച്ചു പാർക്കുന്നിടങ്ങളിൽനിന്നു റവന്യൂവകുപ്പുകാർ അവരെ നിർദ്ദയം ഭീഷണിപ്പെടുത്തി ഓടിക്കയാണു ചെയ്യുന്നത്. പൊതുനിരത്തുകളുടെ സാമീപ്യം കാണം പറഞ്ഞു് ആ സാധുക്കളുടെ കുടിമാടങ്ങൾ കൂടി പൊളിച്ചു നീക്കുവാൻ റവന്യൂ വകുപ്പുദ്യോഗസ്ഥൻ നിർബ്ബന്ധിക്കുന്നു. എല്ലാ ജാതിമതസ്ഥരും സ്വാതന്ത്ര്യമായി സഞ്ചരിച്ചുവരുന്ന പുറമ്പോക്കു വഴികൾ ക്ഷേത്രസാമീപ്യം ഹേതുപറഞ്ഞു് ദേവസ്വം പുറമ്പോക്കുകളാക്കി മാററിയും തീണ്ടൽപലകകൾ നാട്ടിയും അധഃകൃതരും അവശസമുദായങ്ങളും അഹിന്തുക്കളും ഗതാഗതം ചെയ്യുന്നതു തടയുന്നതിലും ദിവാൻപേഷ്കാർ വരെ ഉത്സാഹം പ്രദർശിപ്പിക്കുന്നുണ്ടു്. റവന്യൂ വകുപ്പിന്റെ ഈ ഉപദ്രവത്തിൽനിന്നു് അധഃകൃതരെ രക്ഷിക്കുവാൻ ലേബർവകുപ്പുദ്യോഗസ്ഥനു ശക്തിയൊ ശ്രദ്ധയൊ ഏതോ ഒന്നു പോരായ്കയുണ്ടു്. അധഃകൃതവകുപ്പിനു് റവന്യൂ വകുപ്പിന്റെ സഹകരണം ഒട്ടും തന്നെയില്ലെന്നു സവ്യസനം പറയേണ്ടിയിരിക്കുന്നു.

കൃഷിവ്യവസായകാര്യത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധ കേവലം മോശമാണു്. കുറെ പണം ചിലവാക്കി ഒരു കൃഷിവകുപ്പിനെ വെച്ചു പോറുന്നതുകൊണ്ടു് ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാക്കു് ശമ്പളവും ബത്തയും കിട്ടുന്നതല്ലാതെ പൊതുജനങ്ങൾക്കു് വലിയ പ്രയോജനമൊന്നുമില്ല. വ്യവസായകാര്യങ്ങൾ നടത്തുന്നതിനു് ഒരു പ്രത്യേക വകുപ്പു പോലുമില്ലെന്നു പറഞ്ഞാൽ അതിന്റെ ശോചനീയാവസ്ഥ വ്യക്തമാ

LIBRARY ARCHIVES Kerala Legislative Assembly

